(സി) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ച തുക ഫലപ്രദമായി ഉപയോഗിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ജനകീയാസൂത്രണത്തിന്റെ ഭാഗമായി എന്തൊക്കെ വികസനപദ്ധതികളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പിലാക്കിവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത വികസന പദ്ധതികൾ വിപുലീകരിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ)&(ബി) പഠനം നടത്തിയിട്ടില്ല.

(സി) ഈ വിഭാഗക്കാരുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ച തുക ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്. പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി വീട്, കിണർ, കക്കൂസ്, പൈപ്പ്‌ലൈൻ, റോഡ്, നടപ്പാലം, കമ്മ്യൂണിറ്റിഹാൾ എന്നിവ നിർമ്മിച്ചുകൊടുക്കുന്നുണ്ട്. കോളനി വൈദ്യുതീകരണം വീട് വയറിംഗ് എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. പട്ടികവിഭാഗക്കാരുടെ ആവശ്യങ്ങളെക്കുറിച്ച് പട്ടികജാതി-പട്ടികവർഗ്ഗ മേഖലകൾക്ക് അനുയോജ്യമായ പദ്ധതികൾ ത്രിതല പഞ്ചായത്തുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

(ഡി) ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഈ വിഭാഗങ്ങൾക്കുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ) വികസന പദ്ധതികൾ വിപുലീകരിക്കേണ്ടതുണ്ട്. നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ വിവിധ തലങ്ങളിൽ പരിശോധിച്ച് പട്ടികവിഭാഗങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ നടപ്പിലാക്കാൻ സംവിധാനം നിലവിലുണ്ട്.

**26 (*352) കാലപ്പഴക്കം ചെന്ന പൈപ്പുകളിലൂടെ കുടിവെള്ളം വിതരണം ചെയ്യുന്നതുമൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്നം**

ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എം.എ. തോമസ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കം ചെന്ന പൈപ്പുകളിലൂടെ കുടിവെള്ളം വിതരണം ചെയ്യുന്നതുമൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതുപരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പഴകി ദ്രവിച്ച പൈപ്പുകളിലൂടെ ഒഴുകിവരുന്നതുമൂലവും പൊട്ടിയ പൈപ്പിലൂടെ ഓടയിലെയും മറ്റും മാലിന്യം കലർന്ന ജലം പൈപ്പിൽ പ്രവേശിക്കുന്നതുമൂലവും ടൈഫോയിഡ്, കോളറ തുടങ്ങിയ പകർച്ചവ്യാധികൾ കുടിവെള്ളത്തിലൂടെ ഉണ്ടാകുന്നത് ഒഴിവാക്കാൻ വാട്ടർ അതോറിറ്റി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) വാട്ടർ അതോറിറ്റിയുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇക്കാര്യങ്ങൾ പരിശോധിക്കുന്നുണ്ടോ എന്നുറപ്പു വരുത്തുന്നതിന് വാട്ടർ അതോറിറ്റി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് എന്ന് വ്യക്തമാക്കുമോ;

(ഇ) വാട്ടർ അതോറിറ്റി ജീവനക്കാരുടെ കുറ്റമറ്റ പ്രവർത്തനം ഉറപ്പു വരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) :

(എ) ഉണ്ട്.

(ബി) കാലപ്പഴക്കം ചെന്ന പൈപ്പുകൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാറ്റി സ്ഥാപിച്ചുവരുന്നു.

(സി) വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലം ക്ലോറിൻ/ബ്ലീച്ചിംഗ് പൗഡർ എന്നിവ ക്രമമനുസരിച്ച് ചേർത്ത് പൂർണ്ണമായും അണുവിമുക്തമാക്കിയതിനുശേഷമാണ് വിതരണം ചെയ്യുന്നത്. പൈപ്പുലൈനിൽ കാലക്രമേണ അടിഞ്ഞുകൂടുന്ന തുരുമ്പ്, ചെളി മുതലായവ കളയുന്നതിനായി പൈപ്പുലൈൻ സ്കൗർ ചെയ്തു വൃത്തിയാക്കുന്ന രീതിയും നിലവിലുണ്ട്. പകർച്ചവ്യാധികൾ കുടിവെള്ളത്തിലൂടെ പകരുന്നതൊഴിവാക്കുവാൻ ഓടകളിലൂടെ കടന്നുപോകുന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും നിരന്തരം നിരീക്ഷിക്കുന്നതിനുമായി ഒരു ത്രിതല (വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ്) സംവിധാനം വാട്ടർ അതോറിറ്റിയിലുണ്ട്.

(ഇ) ബന്ധപ്പെട്ട ജീവനക്കാർക്ക് കർശനമായ നിർദ്ദേശങ്ങൾ നല്കി കുറ്റമറ്റ പ്രവർത്തനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

**27 (*353) ഭൂഗർഭ ജലത്തിന്റെ ശാസ്ത്രീയമായ ഉപഭോഗം**

ശ്രീ. പി.സി. ജോർജ് :
ശ്രീ. ആന്റണി രാജു :
ശ്രീ. ടി.എസ്. ജോൺ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജലത്തിന്റെ ശാസ്ത്രീയമായ ഉപഭോഗത്തിലൂടെ സംസ്ഥാനത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly